ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കള്ളുഷാപ്പുകളാണ് പുതിയ ലേല നയമനുസരിച്ചു ലേലം ചെയ്യപ്പെട്ടത്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി കള്ളു വിരോധിയാണെങ്കിലും വിദേശ മദ്യപ്രിയനാണല്ലോ. അത് പരിഗണിച്ച് കള്ളുഷാപ്പുകളും ലേലത്തിൽ പോകാത്ത സ്ഥലങ്ങളിൽ കള്ളുഷാപ്പുകളും ചാരായഷാപ്പുകളും വിദേശമദ്യഷാപ്പുകളും ക്ലബ്ബ് ചെയ്തുകൊണ്ട് ലേലം നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : എന്റെ രുചികളും അദ്ദേഹത്തിന് അറിയാമെന്നുതോന്നുന്നു. പക്ഷേ ഈ പറഞ്ഞത് ശരിയല്ല.

ഇലക്ട്രിസിറ്റി ബോർഡിൽ സ്ഥലം മാറ്റം സംബന്ധിച്ച ഗൈഡ്ലൈൻസ്

* 400. [460] ശ്രീ. ഒ. ഭരതൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, വി. ജെ. തങ്കപ്പൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡിൽ സ്ഥലംമാറ്റം സംബന്ധിച്ച് ഉണ്ടാക്കിയ ഗൈഡ്ലൈൻസ് പാലിക്കപ്പെടുന്നുണ്ടോ ;

(ബി) ഗൈഡ്ലൈൻസിനു വിരുദ്ധമായി സ്ഥലംമാറ്റം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗൈഡ്ലൈൻസിനു വിരുദ്ധമായി നടത്തിയ സ്ഥലംമാറ്റങ്ങൾ റദ്ദു ചെയ്യുന്നതിനു നടപടികളും സ്വീകരിക്കുമോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) ഗൈഡ്ലൈൻസിനു വിരുദ്ധമായി സ്ഥലംമാറ്റം നടത്തിയതായിട്ടുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വ്യക്തമായ പരാതികളും ലഭിച്ചിട്ടുള്ള കേസുകളും പുനഃപരിശോധന നടത്തിയിട്ടുണ്ട്.

ശ്രീ. ഒ. ഭരതൻ : സാധാരണ തൊഴിൽത്തർക്കനിയമം അനുസരിച്ചും കീഴ്വഴക്കം അനുസരിച്ചും ഒരു വ്യവസായസ്ഥാപനത്തിൽ സജീവമായി ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തുന്ന തൊഴിലാളികളെ പ്രൊട്ടക്റ്റഡ് വർക്കർമെൻ എന്നുപറയുന്ന കാറ്റഗറിയിൽ പെടുത്താറുണ്ട്. അങ്ങനെ പ്രൊട്ടക്റ്റഡ് വർക്കർമെൻ കാറ്റഗറിയിൽ പെട്ടിട്ടുള്ള എത്ര ആളുകളെ ഈ അടുത്തകാലത്ത് അവർ സ്ഥിരമായി ജോലി ചെയ്തുവന്നിരുന്ന സ്ഥലങ്ങളിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് ?

ശ്രീ. കെ. എം. മാണി : ബോണഫൈഡിയായിട്ടുള്ള കേസുകളെ സംബന്ധിച്ചിടത്തോളം പ്രൊട്ടക്ഷൻ നൽകിയിട്ടുണ്ട്. അല്ലാത്ത കേസുകളെ സംബന്ധിച്ചിടത്തോളം അതൊരു പ്രത്യേക ചോദ്യമാണ്. അതിന്റെ വിവരം എന്റെ കയ്യിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ : സാധാരണ ഒരു തൊഴിലാളിയെ ട്രാൻ സ്ഫർ ചെയ്യുന്നതിനു മുമ്പു ചില മാനുഷിക പരിഗണന കൊടുക്കാറുണ്ട്. ഇവിടെ നിയമവിധേയ മായി പണിമുടക്കിൽ പങ്കെടുത്തു എന്ന ഒറ്റക്കാരണത്താൽ അയിരക്കണക്കിന് അളുകളെ സംഘടിതമായി ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. ഇത് നിതീ കരിക്കാവുന്ന നടപടിയാണോ ?

ശ്രീ. കെ.എം.മാണി : സമരത്തിൽ പങ്കെടുത്തു എന്ന കാരണത്താൽ ഒറ്റ തൊഴിലാളിയേയും ട്രാൻസ്ഫർ ചെയ്തിട്ടില്ല.

ശ്രീ. എൻ. ചന്ദ്രശേഖര കുറുപ്പ് : എല്ലാ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും ശീട്ട് കശക്കുന്നമാതിരി പണിമുടക്കിയ തൊഴിലാളികളെ സ്ഥലം മാറ്റിയി ട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. പണിമുടക്കിൽ പങ്കെടുത്തു എന്ന വിരോധം വച്ചുകൊണ്ട് ഇങ്ങനെ സ്ഥലം മാറ്റിയ നടപടി ശരിയാണോ ?

ശ്രീ. കെ.എം.മാണി : അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസിനു വേണ്ടി സ്ഥലംമാറ്റങ്ങൾ നടത്താറുണ്ട്, നടത്തിയിട്ടുണ്ട്.

ശ്രീ. എൻ.ചന്ദ്രശേഖര കുറുപ്പ് : നോംസ് പ്രകാരം ട്രാൻസ്ഫറുകളിൽ ഭാര്യാഭർത്താക്കൻമാരെ ഒരേ സ്ഥലത്തുതന്നെ നിറുത്തുന്നതിന് പരമാവധി പരി ഗണന കൊടുക്കാറുണ്ട്. എന്നാൽ ഇപ്പോൾ ഭാര്യ കാസർകോട്ടും ഭർത്താവ് കോവളത്തും കുട്ടികൾ ഇടുക്കിയിലും എന്ന രീതിയിലാണ് സ്ഥലം മാറ്റി യിട്ടുള്ളത്. ശീട്ട് കശക്കുന്ന രീതിയിലുള്ള ഈ നടപടിയിൽ നിന്നു പിൻ തിരിയാൻ ഗവൺമെൻറ് തയ്യാറുണ്ടോ ?

ശ്രീ. കെ.എം.മാണി : ഭാര്യാഭർത്താക്കൻമാർക്ക് ഒരുമിച്ചു താമസിക്കു വാൻ സൗകര്യം നൽകുന്നതാണ് നല്ലത്. ചിലപ്പോൾ ഒരു സ്ഥലത്തുതന്നെ അവരെയിരുത്താൻ ഗവൺമെൻറിന് കഴിഞ്ഞെന്നു വരികയില്ല. ചിലപ്പോൾ രണ്ടു പേരും രണ്ടു സ്ഥലത്തായിപോകും.

ശ്രീ. വി.ജെ. തങ്കപ്പൻ : ഇലക്ട്രിസിറ്റി പണിമുടക്കിനോടനുബ ന്ധിച്ച് ഗൈഡ്ലൈൻസിനു വിരുദ്ധമായി സ്ഥലംമാറ്റം നടത്തിയിട്ടുള്ള കേസുകൾ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയാൽ ഗൈഡ്ലൈൻസിനു വിരുദ്ധമായി നടത്തിയ ട്രാൻസ്ഫറുകൾ ക്യാൻസൽ ചെയ്യുവാൻ തയ്യാറാ കുമോ ?

ശ്രീ. കെ. എം. മാണി : നമുക്ക് ഗൈഡ്ലൈൻസ് ഇപ്പോൾ നിലവി ലുണ്ടോ എന്നു ചോദിച്ചാൽ സാങ്കേതികമായി ഉണ്ട്. മുമ്പു ഗൈഡ്ലൈൻസ് ഉണ്ടായിരുന്നു. ആ ഗൈഡ്ലൈൻസ് റദ്ദാക്കി. റദ്ദാക്കിയപ്പോൾ ഹൈ ക്കോടതിയിൽ പോയി സ്റ്റേ വാങ്ങിയിട്ടുണ്ട്. സാങ്കേതികമായി പറഞ്ഞാൽ ഗൈഡ്ലൈൻ ഉണ്ട്. യഥാർത്ഥമായി പറഞ്ഞാൽ ആ ഗൈഡ്ലൈൻ ഇടയ്ക്ക് വച്ച് നിന്നുപോയി. എങ്കിൽ പോലും തത്വത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഗവൺമെൻറ് സ്ഥലംമാറ്റം നടത്തിയിട്ടുള്ളൂ. ആ തത്വങ്ങൾ ഇനിയും പാലിക്കുന്നതാണ്.

ശ്രീ. വി.ജെ.തങ്കപ്പൻ : ഗൈഡ്ലൈൻ ഇപ്പോഴും നിലവിലുണ്ട്. ഹൈക്കോടതി സ്റ്റേ ചെയ്തപ്പോൾ ഗൈഡ്ലൈൻ നിലവിൽ വന്നു എന്നു ള്ളതാണ് വസ്തുത. അത് ഗവൺമെൻറ് അംഗീകരിക്കാത്തത് മറ്റൊരു കാര്യം. കോടതി വിധികൾ മറികടക്കാൻവേണ്ടി പലതും ഗവൺമെൻറ് ചെയ്യാ റുണ്ട് അക്കൂട്ടത്തിൽ ഇതും. അവസാനം കോടതിയിൽ പോയി മാപ്പ്

LIBRARY ARCHIVES Kerala Legislative Assembly

പറയുകയും ചെയ്യും. ഞാൻ ചോദിക്കുന്നത് ഗൈഡ്‌ലൈൻസിന് വിരുദ്ധമായി നടത്തിയിട്ടുള്ള ട്രാൻസ്ഫറുകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ അവരെ തിരിച്ച് ട്രാൻസ്ഫർ ചെയ്യാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : ഗവൺമെൻറിന് യാതൊരു ഫാഴ്സ് പ്രസ് റീജും ഇല്ല. ഗവൺമെൻറ് ചെയ്തിട്ടുള്ള ഏതു തെറ്റ് ചൂണ്ടിക്കാണിച്ചാലും അത് തിരുത്താൻ ഗവൺമെൻറ് സന്നദ്ധമാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസിനു വേണ്ടിയുള്ള മാറ്റമാണ് അല്ലാതെ പണിമുടക്കിയതുകൊണ്ടുള്ള വിരോധമല്ല എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പ്രസവകാലാവധി കഴിഞ്ഞുതിരിച്ചു ജോലിയിൽ പ്രവേശിച്ച സ്ത്രീകളെപ്പോലും വളരെ ദൂരത്തേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. ഇത് എന്ത് അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസിനു വേണ്ടിയാണ് ? മനുഷ്യത്വപരമായ പരിഗണനവച്ച് ഇത് പുനഃ പരിശോധിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : സ്ത്രീകളോടും മറ്റ് ദുർബ്ബലരായ ആളുകളോടും മനുഷ്യത്വപരമായേ പെരുമാറുകയുള്ളു. ഞാൻ തുറന്ന ഹൃദയത്തോടുകൂടി പറയുകയാണ്, ഇതിൽ എന്തെങ്കിലും പോരായ്മകൾ ചൂണ്ടിക്കാണിച്ചാൽ തിരുത്താൻ തയ്യാറാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : അന്നു മനുഷ്യത്വരഹിതമായി, ക്രൂരമായി പെരുമാറിയത് പുനഃ പരിശോധിക്കേണ്ട സമയം കഴിഞ്ഞുപോയി എന്ന അങ്ങയുടെ വാദം ശരിയാണ്. ഇപ്പോൾ യൂണിയൻമാരി മന്ത്രിക്ക് താൽപ്പര്യമുള്ള യൂണിയനിൽ ചേർന്നാൽ സ്ഥലംമാറ്റം കൊടുക്കാമെന്നു പറഞ്ഞു ഒരു ഏജൻസി പ്രവർത്തിക്കുന്നുണ്ട്. ഇത്തരം വൃത്തികെട്ട നടപടിയെങ്കിലും നിർത്താൻ സൻമനസ്സ് കാണിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇതെല്ലാം ശ്രദ്ധയിൽപ്പെട്ടാൽ എന്നു ചോദിക്കുകയും ഞാൻ അതിന് ഉത്തരം പറയുകയും ചെയ്താൽ ഇതെല്ലാം നടക്കുന്നു എന്നു തോന്നും. ഇങ്ങനെയൊന്നും അനാവശ്യമായും അനധികൃതമായും യാതൊന്നും ഇപ്പോൾ നടക്കുന്നില്ല. നടന്നിട്ടും ഇല്ല.

ശ്രീ. എം. ജിനദേവൻ : 1984 മാർച്ച് മാസത്തിനുശേഷം ഇലക്ട്രിസിറ്റി ബോർഡ് അതോറിറ്റി പണിമുടക്കിൽ പങ്കെടുത്തവരെന്നും അല്ലാത്തവരെന്നും ജീവനക്കാരെ തരംതിരിച്ച് സ്ഥലംമാറ്റിയ വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അങ്ങനെ സ്ഥലംമാറ്റം നടന്നിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : പണിമുടക്കിയവരെന്നും അല്ലാത്തവരെന്നും തരംതിരിവൊന്നുമില്ല. പണിമുടക്കുന്നത് ട്രെയ്ഡ് യൂണിയൻ അവകാശമാണ്. അനാവശ്യമായിട്ട് ഗവൺമെൻറിനോ ബോർഡിനോ എതിരായിട്ട് പണിമുടക്ക് നടത്തുന്നത ഒരിക്കലും പ്രോൽസാഹിപ്പിക്കത്തക്കതല്ല. അങ്ങനെയുണ്ടാകാതെ ട്രെയ്ഡ് യൂണിയൻ നേതാക്കൾ നോക്കണം. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഒരു വിക്റ്റിമൈസേഷനും ഉണ്ടായിരിക്കുകയില്ല. എല്ലാപേരെയും ഒരുപോലെയാണ് കാണുന്നത്.

ശ്രീ. എം. ജിനദേവൻ : പശുവും ചത്തു, മോരിലെ പുളിയും പോയി ഈ സാഹചര്യത്തിൽ പണിമുടക്കിയവരെന്നും അല്ലാത്തവരെന്നുമുള്ള തരംതിരിവ് അവസാനിപ്പിച്ചു പഴയ ഗൈഡ്‌ലൈൻസിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സ്റ്റേറേഷനിൽ 3 കൊല്ലം ജോലി ചെയ്തവർക്ക് അവരുടെ റിക്വസ്റ്റ് അനുസരിച്ച് സ്ഥലംമാറ്റം നൽകാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : പശുവും ചത്തില്ല, മോരിലെ പുളിയും പോയില്ല. എങ്കിലും ഈ കാര്യങ്ങൾ പരിശോധിക്കാം.

ശ്രീ. ഈ. പത്മനാഭൻ : പശു ചത്താലും മോരിലെ പുളി പോകുകയില്ല എന്നു ബോദ്ധ്യമായി. റിക്വസ്റ്റ് ട്രാൻസ്ഫറിനു മുൻപ് അനുസരിച്ച് റ്റി.എ.യും ജോയിനിംഗ് ടൈമും പേയും ഇല്ല. എന്നാൽ ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിൽ എല്ലാ ട്രാൻസ്ഫറിനും റ്റി.എ.യും, ഡി.എ.യും ജോയിനിംഗ് ടൈമും ശമ്പളവും നൽകുകയില്ല എന്ന ഒരു വ്യവസ്ഥയുണ്ട്. അതൊന്ന് പുനഃ പരിശോധിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ന്യായമായ നോംസിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. നോംസിനു വിരുദ്ധമായി എന്തെങ്കിലും ഉണ്ടെങ്കിൽ അക്കാര്യം പ്രത്യേകമായി ചൂണ്ടിക്കാണിച്ചാൽ അതിനു പരിഹാരം ഉണ്ടാക്കാം.

ശ്രീ. ഈ. പത്മനാഭൻ : റിക്വസ്റ്റ് ട്രാൻസ്ഫറിനു റ്റി.എ.യും ഡി.എ.യും ഇല്ല എന്നു രൂഢം ഉണ്ട്. അത് അംഗീകരിക്കാതെ ഇലക്ട്രിസിറ്റി ബോർഡിൽ ഇന്നു എല്ലാ ട്രാൻസ്ഫറിനും റ്റി.എ.യും ഡി.എ.യും ജോയിനിംഗ് ടൈമും പേയും നൽകുകയില്ല എന്ന വ്യവസ്ഥ വച്ചിരിക്കുന്നു. ഇത് പുനഃ പരിശോധിക്കുമോ ?

ശ്രീ. കെ. എം. മാണി : റൂളുകളും ചട്ടങ്ങളും പാലിച്ചുകൊണ്ടുമാത്രമേ ട്രാൻസ്ഫറുകളും നടത്താറുള്ളൂ. റൂളുകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി എന്തെങ്കിലും നടപടികൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം.

(2) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സൗജന്യ നിയമസഹായ ബോർഡ്

* 401. [461] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഹൈക്കോടതി തലത്തിലും, ജില്ലാ താലൂക്ക് തലങ്ങളിലും സൗജന്യ നിയമസഹായ ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1-2-1984-ലെ 7/84/നിയമവകുപ്പ്-നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഒരു നിയമസഹായ ബോർഡ് രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ജില്ല/താലൂക്ക്/ഹൈക്കോടതി തലങ്ങളിൽ നിയമസഹായം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള അധികാരം പ്രസ്തുത സർക്കാർ ഉത്തരവുപ്രകാരം നിയമസഹായ ബോർഡിനു നൽകുന്നുണ്ട്. അതനുസരിച്ച് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ബോർഡ് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള സ്കീമിന്റെ വിവിധ വശങ്ങളെക്കുറിച്ച് പരിഗണനയിലിരിക്കുകയാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ചോദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരമുള്ള ബോർഡ് സർക്കാർ തലത്തിൽ രൂപീകരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ബി) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവു പ്രകാരം ബോർഡ് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ള സ്കീമിനു അന്തിമരൂപം നൽകപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly